ഗ്രാമം, ഗാന്ധി ഗ്രാമം പദ്ധതികൾ മുഖേന കോളനിക്കുള്ളിലെ റോഡ്/നടപ്പാത യുടെ നിർമ്മാണം, ഡ്രെയിനേജ് സൗകര്യങ്ങൾ, കുടിവെള്ള പദ്ധതികൾ, വൈദ്യുതീകരണം, ബയോഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റിഹാൾ/ഓഡിറ്റോറിയം, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നിവ നടപ്പിലാക്കി വരുന്നു. ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിക്കുന്നത്.

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് മേൽപ്പറഞ്ഞ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്. കോളനികളിലെ വീടുകൾ പുനരുദ്ധരിക്കു ന്നതിനായി മാത്രം പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ എല്ലാ പട്ടികജാതിക്കാരുടെയും 7 വർഷത്തിലധികമുള്ളതും 25 വർഷത്തിൽ കവിയാത്ത പഴക്കമുള്ളതുമായ വീടുകളുടെ പുനരുദ്ധാരണത്തിന് 50000-രൂപ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

(സി) എഴുമാന്തുരുത്ത് കോളനിയിലെ റോഡ്, തോടിന്റെ സംരക്ഷണഭിത്തി, സ്ഥലം മണ്ണിട്ടുയർത്തൽ എന്നിവയുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ ഫീസിബിൾ ആണെങ്കിലും വീടിനു ചുറ്റും മണ്ണിടിച്ചുയർത്തുക, തോടിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടുക എന്നീ പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി യിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച എ 5-2907/15-ാം നമ്പർ ഫയൽ കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസിലാണ്. എഴുമാന്തുരുത്ത് പട്ടികജാതി കോളനിയിൽ അടിസ്ഥാന സൗകര്യത്തിനായി ജില്ലാ പഞ്ചായത്ത് വികസന പദ്ധതിയിൽ റോഡ് നിർമ്മിച്ചു നൽകിയിട്ടുണ്ട്.

കാസർഗോഡ് പട്ടികജാതി കോളനികൾ മോഡൽ കോളനികളാക്കി മാറ്റാൻ പദ്ധതി

212 (2421) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി -പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് പട്ടികജാതി കോളനികൾ മോഡൽ കോളനികളാക്കി മാറ്റുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(ബി) പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് എന്തെങ്കിലും പരിഹാരം കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	കോളനികൾ	ഏജൻസി	അനുവദിച്ച തുക
1	നടക്കാവ് കോളനി	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ	25 ലക്ഷം
2	അമേയ് കോളനി	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ	25 ലക്ഷം
3	കിദൂർ-കണ്ടങ്ങാതടുക്ക	ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ	65 ലക്ഷം (25+40)
4	നാലാം വാതുക്കൽ കോളനി	ജില്ലാ നിർമ്മിതി കേന്ദ്രം	65 ലക്ഷം (25+40)
5	മൂലക്കണ്ടം കോളനി	ജില്ലാ നിർമ്മിതി കേന്ദ്രം	65 ലക്ഷം (25+40)
6	ഒരിയറ അംബേദ്കർ കോളനി	ജില്ലാ നിർമ്മിതി കേന്ദ്രം	65 ലക്ഷം (25+40)

2013-14 -ൽ തെരഞ്ഞെടുത്തത് രണ്ട് കോളനികളാണ്.

അത്തുട്ടി കപ്പമൺ കോളനിയിൽ കമ്മ്യൂണിറ്റി ഹാളിനും ശ്മശാനത്തിനും സ്ഥലം ലഭ്യമല്ലാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഈ കോളനിക്ക് പകരം മറ്റൊരു കോളനി തെരഞ്ഞെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശാന്തി നഗർ കോളനിയിൽ ഒന്നാം ഗഡു തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച പരാതികൾ പരിഹരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി കോളനികളുടെ വികസനത്തിനായി പദ്ധതി

213 (2422) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി പ്രഖ്യാപിച്ച സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യം നേടിയില്ലെങ്കിൽ അതിന്റെ കാരണം അവലോകനം ചെയ്തിട്ടുണ്ടോ ;

ഉത്തരം

(എ) 2009- 10 വർഷം പട്ടികജാതി വികസന വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നിവ സംയുക്തമായി സംഘടിപ്പിച്ച സർവ്വേ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയതും അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ പട്ടികജാതി കോളനികളിൽ പരമാവധി ഒരു കോടി രൂപ വിനിയോഗിച്ച് സമഗ്ര വികസന പ്രവർത്തനങ്ങൾ നടത്തുന്നത പദ്ധതിയാണ് സ്വയം പര്യാപ്ത ഗ്രാമം. ഇതിനായി 2012-13 സാമ്പത്തിക വർഷം 113 കോളനികളെയും 2013-14 സാമ്പത്തിക വർഷം 103 കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥലം എം.എൽ.എ./ എം.പി. എന്നിവരാണ് കോളനികൾ ശിപാർശ ചെയ്യുന്നത്. വിവിധ വികസന പ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസികൾവഴി നടപ്പാക്കി വരുന്നു.

(ബി) തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ വകുപ്പുതലത്തിലും, ജില്ലാ തലത്തിലും കളക്ടർ തലത്തിലും അവലോകനം നടത്തി വരുന്നു.

പട്ടികജാതി വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി

214 (2423) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :